**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2027** **03-03-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളും എസ്.പി.സി യൂണിറ്റുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിലെ കയ്പമംഗലം, മതിലകം പോലീസ് സ്റ്റേഷനുകളിൽ മതിയായ പോലീസുകാരുടെ അഭാവം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | തൃശ്ശൂർ ജില്ലയിലെ മതിലകം, കയ്പമംഗലം പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കുമായി വിവിധ തസ്തികകളിൽ അധിക അംഗബലം ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തികനില കണക്കിലെടുത്ത് അധിക തസ്തികകൾ സൃഷ്ടിയ്ക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ തീരദേശ വിദ്യാലയങ്ങളിൽ ലഹരി നിയന്ത്രണവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്; | (ബി) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി നിയന്ത്രണവുമായി ബന്ധപ്പെട്ട് എല്ലാ സ്കൂളുകളിലും SPG (SCHOOL PROTECTION GROUPS) രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ എസ്.പി.സി യുടെ കമ്മ്യൂണിറ്റി പ്രോജക്ട്ടായ 'SPC Against Addiction' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലാകമാനമുള്ള എസ് പി സി കേഡറ്റുകളുടെ നേതൃത്വത്തിൽവിദ്യാർത്ഥികളിലെ മദ്യം മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണ ക്ലാസുകളും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ സുരക്ഷ ക്ലബ്ബുമായി സഹകരിച്ച് പോലീസ് വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് അറിയിക്കാമോ; | (സി) | കയ്പമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് വകുപ്പ് നടത്തിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ നൽകുന്നു:<br><br><u>ബോധവൽക്കരണ പരിപാടികൾ:</u><br><br>i) വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മയക്കുമരുന്ന് ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു. |

ii) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സുകളും ബോധവൽക്കരണവും നൽകുന്നു.

iii) കടലോര ജാഗ്രതാ സമിതിയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നു.

<u>നിയമനടപടികൾ:</u>

i) മയക്കുമരുന്ന് വിതരണം, ഉപയോഗം, വ്യാപനം എന്നിവ തടയുവാനായി 'യോദ്ധാവ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ii) പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ ജനമൈത്രി ബീറ്റ് ഓഫീസർമാരുടെയും സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെയും സഹായത്തോടെ പരിശോധനകൾ നടത്തുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

iii) മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്കെതിരെ PIT NDPS SEC 31, 34 NDPS ACT പ്രകാരം കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നു.

<u>പ്രത്യേക സംവിധാനങ്ങൾ:</u>

i) കയ്പമംഗലം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ രണ്ട് ഉദ്യോഗസ്ഥരെ നിയോഗിച്ച് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ച് ലഹരിക്കെതിരെ നടപടികൾ സ്വീകരിക്കുന്നു.

ii) പ്രത്യേക സംഘം ആളൊഴിഞ്ഞ വീടുകളിലും പ്രാന്തപ്രദേശങ്ങളിലും നിരീക്ഷണം നടത്തുകയും രഹസ്യവിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.

iii) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് എസ്.ഐ. ഉൾപ്പെടെയുള്ള സംഘത്തിന്റെ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.

iv) DOG SQUAD ന്റെ സഹായത്തോടെ പൊതുസ്ഥലങ്ങളിലും ഓട്ടോ സ്റ്റാൻഡുകളിലും പരിശോധനകൾ നടത്തുന്നുണ്ട്.

<u>സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ:</u>

i) ആഘോഷ വേളകളിൽ മയക്കുമരുന്ന് വിപണനം തടയാൻ എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് റെയ്ഡുകൾ നടത്തുന്നു.

| | | | |
|---|---|---|---|
| | | | ii) തിരദേശത്തെ പോലീസ് സ്റ്റേഷനുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. |
| (ഡി) | മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ഡി) | നിലവിൽ പ്രസ്തുത നിയോജക മണ്ഡലത്തിലെ 06 സ്കൂളുകളിൽ എസ് പി സി പദ്ധതി പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ 02 സ്കൂളുകളിൽ പുതുതായി പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ഇ) | എറിയാട് പഞ്ചായത്തിലെ അഴീക്കോട് തീരപ്രദേശത്തെ ധാരാളം കുട്ടികൾ പഠിക്കുന്ന സീതി സാഹിബ് ഹയർ സെക്കൻഡറി വിദ്യാലയത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? | (ഇ) | ഏറിയാട് പഞ്ചായത്തിലെ അഴീക്കോട് സീതി സാഹിബ് ഹയർ സെക്കൻഡറി സ്കൂളിൽ എസ്.പി.സി പദ്ധതി ആരംഭിക്കുന്നതിനായുള്ള അപേക്ഷയിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ